**National Health Mission, Kerala**
State Programme Monitoring & Support Unit NHM
Building, General Hospital Junction
Thiruvananthapuram, Kerala, Pincode 695035
Ph:0471 2301181,email:arogyakeralam@gmail.com

**No.** NHM/223/2025-SD-S2 **Dated : 13-01-2026**

പ്രേഷകൻ
സ്റ്റേറ്റ് മിഷൻ ഡയറക്ടർ

സ്വീകർത്താവ്
എല്ലാ ജില്ലാ പ്രോഗ്രാം മാനേജർമാർക്കും

സർ/മാഡം,

വിഷയം: എൻ.എച്ച്.എം -ആശമാർക്ക് ആശ സോഫ്റ്റ്‌വെയറിൽ ലോഗിൻ സംബന്ധിച്ച്.

സൂചന: 1. സർക്കുലർ നം. എൻ.എച്ച്.എം3813/JC(SD)/2021/SPMSU തീയതി 12.08.2025

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആശമാരുടെ പ്രതിമാസ ഫീൽഡ് തല പ്രവർത്തനങ്ങൾ രേഖപ്പെടുത്തി ഇൻസെന്റീവും ഹോണറേറിയവും 2025 ഓഗസ്റ്റ് മുതൽ പുതിയ സോഫ്റ്റ് വെയർ വഴിയാണ് നൽകി വരുന്നത്. പ്രസ്തുത സോഫ്റ്റ് വെയറിൽ നിലവിലെ ആശമാരുടെ വിവരങ്ങൾ അടക്കുന്ന പ്രൊഫൈൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. ആയതിനാൽ ആശമാർ സോഫ്റ്റ്‌വെയറിൽ ലോഗിൻ ചെയ്തു പ്രൊഫൈലിലെ വിവരങ്ങളിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ തിരുത്ത് വരുത്തേണ്ടതും ഫോട്ടോ , ഒപ്പ് , ബാങ്ക് പാസ്ബുക്ക് (അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി. എന്നിവ ഉള്ള പേജ്) എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതാണ് . സോഫ്റ്റ്‌വെയറിൽ ആശ ലോഗിനെ സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധമായി നല്കിട്ടുണ്ട് .പ്രസ്തുത പ്രവർത്തനം 2026 ജനുവരി 31 ന് മുൻപ് ജില്ലയിൽ പൂർത്തീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ഡോ.വിനയ് ഗോയൽ ഐ.എ.എസ്
സ്റ്റേറ്റ് മിഷൻ ഡയറക്ടർ , എൻ.എച്ച്.എം


അംഗീകാരത്തോടെ,

ഡോ.ബിജോയ് .ഇ
സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ,എൻ.എച്ച്.എം


## അനുബന്ധം

# ആശ യൂസർ ക്രിയേഷൻ നിലവിലുള്ള ആശമാർക്ക്


വെബ് ബൗസറിൽ www.ashasoft.kerala.gov.in എന്ന അഡ്രസ്സ് ടൈപ്പ് ചെയ്താൽ ആശ സോഫ്റ്റ് വെയറിന്റെ Home page കാണാൻ സാധിക്കും. പ്രസ്തുത സ്ക്രീനിൽ ലോഗിൻ, ആശ രജിസ്ട്രേഷൻ എന്ന ഓപ്ഷനുകൾ കാണാൻ സാധിക്കും അതിൽ ആശ രജിസ്ട്രേഷൻ എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്ത് ആശയുടെ ആധാർ നമ്പറും രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറും നൽകിയതിന് ശേഷം വാലിഡേറ്റ് എന്ന ഐക്കണിൽ ക്ലിക്ക് ചെയ്യുക.





ആശയുടെ ആധാർ നമ്പറും രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറും നൽകിയ ശേഷം Validate എന്ന Icon ൽ ചെയ്യുക. അപ്പോൾ കാണുന്ന പേജിന്റെ സ്ക്രീൻ ഷോട്ട് ആണ് താഴെ കാണുന്നത്. പ്രസ്തുത പേജിൽ ആശക്ക് തങ്ങളുടെ യൂസർ നെയിമായി രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറും പാസ് വേഡും സെറ്റ് ചെയ്ത് യൂസർ ക്രിയേഷൻ ചെയ്യാൻ സാധിക്കും.




User Name, Password ക്രിയേഷൻ ചെയ്ത ശേഷം ആശ സോഫ്റ്റ് വെയറിന്റെ മെയിൻ പേജിൽ Login എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്തത് User Name, Password, Captcha എന്നിവ നൽകി Login ക്ലിക്ക് ചെയ്യുക.




ലോഗിൻ ക്ലിക്ക് ചെയ്യുമ്പോൾ കാണുന്ന പേജിലെ Send OTP ക്ലിക്ക് ചെയ്യുക. തുടർന്ന് മൊബൈൽ നമ്പറിൽ വരുന്ന OTP നൽകി verify and continue ക്ലിക്ക് ചെയ്യുക.





ശേഷം വരുന്ന സ്ക്രീനിൽ കാണുന്ന OTP നൽകി Verify ക്ലിക്ക് ചെയ്യുക.





ഇതോടുകൂടി മൊബൈൽ വേരിഫിക്കേഷൻ പൂർത്തിയാകുകയും ആശയുടെ Profile Page കാണാൻ സാധിക്കുകയും ചെയ്യും . profile page ൽ ആശയുടെ ഫോട്ടോ, ഒപ്പ്, ബാങ്ക് പാസ്സ്ബുക്ക് (അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി. എന്നിവ ഉള്ള പേജ്), വിദ്യാഭ്യാസ യോഗ്യത എന്നിവ Upload ചെയ്യേണ്ടതാണ്. കൂടാതെ Profile Page ലെ അടിസ്ഥാന വിവരങ്ങളിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ തിരുത്ത് വരുത്തേണ്ടതാണ്.

Profile Photo Uploading




Maximum file size: 100 KB. Only image files are allowed (JPG, JPEG, PNG). Image dimensions must be between 100 × 150 px – 200 × 300 px.)

Profile Signature Uploading




Maximum File upload size is 50 Kb. Upload Image only. Image dimensions must be between 75 × 50 px – 200 × 300 px.

Pass Book Uploading




Qualifications Uploading




Pass book and Marksheet – Maximum File upload size is 500 Kb

**ആശമാരുടെ പ്രൊഫൈൽ**

1. ആശയുടെ വ്യക്തിഗത, അടിസ്ഥാന വിവരങ്ങൾ
2. ഓരോ മാസവും ആശക്ക് ലഭിച്ചിട്ടുള്ള ഇൻസെന്റീവിന്റെയും, ഹോണറേറിയത്തിന്റെയും വിവരങ്ങൾ
3. ആശക്ക് തത്സമയം പ്രതിമാസ റിപ്പോർട്ട് എൻട്രിയുടെ തുക കാണാൻ സാധിക്കും, കൂടാതെ ഡാറ്റ എൻട്രി കഴിയുമ്പോൾ ലഭിക്കുന്ന ഇൻസെന്റീവ്, ഹോണറേറിയം തുകകൾ SMS മുഖേന അറിയുവാനും സാധിക്കും.